"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജി.സി.ഡി.എ. - ജീവനകാര്യം - 01.10.2019 മുതൽ 08.10.2019 വരെയുള്ള കാലയളവിൽ അതോറിറ്റി സെക്രട്ടറിയുടെ അധിക ചുമതല ശ്രീമതി.ജെബി ജോൺ, സൂപ്രണ്ടിംഗ് എൻജിനീയർക്ക് അനുവദിച്ച് നൽകിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

G.O.(Rt)No.1014/2020/LSGD തീയതി,തിരുവനന്തപുരം, 31/05/2020

---

പരാമർശം:- 1 26.08.2019-ലെ സ.ഉ.(സാധാ)നം.1841/2019/തസ്വഭവ.

2 ജി.സി.ഡി.എ. സെക്രട്ടറിയുടെ 10.10.2019-ലെ 6869/എസ്റ്റാ.2/2019/ജിസിഡിഎ നമ്പർ കത്ത്

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ അധിക ചുമതല, ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയിൽ പ്രോജക്ട് ഡയറക്ടർ തസ്തികയിൽ അന്യത്ര സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.എ.രാമചന്ദ്രന് നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടിയാന്റെ അന്യത്ര സേവന കാലയളവ് അവസാനിച്ച 30.09.2019-ന് ടിയാൻ ജി.സി.ഡി.എ. സെക്രട്ടറിയുടെ അധിക ചുമതലയിൽ നിന്നും വിടുതൽ ചെയ്തു. തുടർന്ന് 01.10.2019 മുതൽ 08.10.2019 വരെയുള്ള കാലയളവിൽ ജി.സി.ഡി.എ. സെക്രട്ടറിയുടെ അധിക ചുമതല, അതോറിറ്റിയിലെ സൂപ്രണ്ടിംഗ് എൻജിനീയർ ശ്രീമതി ജെബി ജോണിന് അനുവദിച്ച് നൽകി. ഈ നടപടി സാധുകരിക്കണമെന്ന് പരാമർശം (2) പ്രകാരം ജി.സി.ഡി.എ. സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജി.സി.ഡി.എ.യിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറായ ശ്രീമതി ജെബി ജോണിന് 01.10.2019 മുതൽ 08.10.2019 വരെയുള്ള കാലയളവിൽ ജി.സി.ഡി.എ. സെക്രട്ടറിയുടെ അധിക ചുമതല അനുവദിച്ച് നൽകിയ അതോറിറ്റിയുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINI MOL D

JOINT SECRETARY

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി

ശ്രീമതി ജെബി ജോൺ ,സൂപ്രണ്ടിംഗ് എൻജിനീയർ, ജിസിഡിഎ

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം

ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ